(സി) നടപടി എടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിൽ രോഗചികിത്സയ്ക്ക് ആവശ്യമായ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ലബോറട്ടറി പരിശോധന സംവിധാനങ്ങൾ, അവശ്യമരുന്നുകൾ തുടങ്ങിയവ എത്തിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ KMSCL വഴി ലഭ്യമാക്കുന്നതിനു പുറമെ പോരായ്മകൾ ഉണ്ടെങ്കിൽ RSBY ഫണ്ട് വഴിയും സർക്കാരിൽനിന്നും ലഭ്യമാക്കിയ അധിക ഫണ്ടുകൾ വഴി ലോക്കൽ പർച്ചേസ് നടത്തിയും ലഭ്യമാക്കുന്നുണ്ട്. പകർച്ചവ്യാധി നിയന്ത്രണത്തിനായി ഡോക്ടർമാർ ഉൾപ്പെടെ അധിക ജീവനക്കാരെ 2012 മുതൽ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞിട്ടുണ്ട്.

സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ പ്രവേശനം

23 (*653) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. എ. ബേബ്ലി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ്സിംഗ് കോളേജുകൾ ഉണ്ടെന്ന് അറിയിക്കാമോ ; പ്രസ്തുത കോളേജുകളിൽ പ്രവേശനത്തിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണ് ; അതിന്മേൽ സർക്കാരിന് എന്തെങ്കിലും മേൽനോട്ടമുണ്ടോ ;

(ബി) പ്രസ്തുത കോളേജുകളിൽ ഫീസ് ഈടാക്കുന്നത് എന്തെങ്കിലും മാനദണ്ഡപ്രകാരമാണോ ; സർക്കാർ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ ;

(സി) ആരോഗ്യ സർവ്വകലാശാല ഇപ്രാവശ്യം നടത്തിയ ഒന്നാം വർഷ ബി.എസ്സി. നഴ്സിംഗ് പരീക്ഷയിൽ കൂട്ടത്തോൽവി ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതിന്റെ അടിസ്ഥാനത്തിൽ ഫാക്കൽറ്റി നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും മാനദണ്ഡം മേർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് ആകെ 111 സ്വാശ്രയ നഴ്സിംഗ് കോളേജുകളുണ്ട്. ഇതിൽ സർക്കാരുമായി 94 നഴ്സിംഗ് കോളേജുകൾ പ്രവേശന കരാറിലേർപ്പെട്ടിട്ടുണ്ട്. 50% മാർക്ക് നേടി ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഉൾപ്പെട്ട ഹയർ സെക്കൻഡറിയോ തത്തുല്യ യോഗ്യതയോ ആണ് പ്രവേശനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത. പ്രവേശനം സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിക്കുന്ന പ്രകാരം ബന്ധപ്പെട്ട വകുപ്പോ ഏജൻസികളോ ആണ് നടത്തുന്നത്. സർക്കാർ മേൽനോട്ടത്തിലാണ് കരാറിലേർപ്പെട്ട കോളേജുകളിലെ 50% സീറ്റിലേയ്ക്ക് പ്രവേശനം നടത്തുന്നത്.

(ബി) സംസ്ഥാനത്തെ നഴ്സിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ ഫീസ് ഘടന നിർണ്ണയത്തിനായി ജസ്റ്റിസ് ജയിംസ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ നഴ്സിംഗ് കോളേജുകളെ സംബന്ധിച്ച് സ്വകാര്യ നഴ്സിംഗ് കോളേജ് മാനേജ്മെന്റുകളും സർക്കാരും ചർച്ച ചെയ്താണ് നിലവിൽ ഫീസ് നിശ്ചയിക്കുന്നത്. സ്വകാര്യ നഴ്സിംഗ് കോളേജുകളിൽ നഴ്സിംഗ് കൗൺസിൽ പരിശോധന നടത്താറുണ്ട്.

(സി) സർക്കാർ നഴ്സിംഗ് കോളേജുകളിൽ കുട്ടത്തോൽവി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2012-13 ബാച്ചിലെ ആദ്യവർഷത്തെ വിജയശതമാനം 33.87% ആണ്. ആരോഗ്യ സർവ്വകലാശാല 2009 ഡിസംബറിൽ നിലവിൽ വന്നതിനുശേഷം തുടങ്ങിയ നേഴ്സിംഗ് ബാച്ചുകളിൽ ആദ്യവർഷത്തെ പരീക്ഷാഫലം 50 ശതമാനത്തിൽ കുറവായിരുന്നു. പിന്നീട് ഇതേ കുട്ടികളുടെതന്നെ രണ്ടാംവർഷത്തേയും മൂന്നാം വർഷത്തേയും പരീക്ഷാഫലങ്ങൾ 65 ശതമാനത്തിന് മുകളിലായി ഉയർന്നു.

(ആഗസ്റ്റ് 2010-ൽ ആദ്യവർഷം 28.08, രണ്ടാംവർഷം 63.36, മൂന്നാം വർഷം 77.22

2011-12 ആദ്യവർഷം 24.19, രണ്ടാംവർഷം 63.83

2012-13 ആദ്യവർഷം 33.87)

കുറഞ്ഞ വിജയശതമാനമുള്ള കോളേജുകളിൽ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന നിഗമനങ്ങളിൽ ആരോഗ്യ സർവ്വകലാശാല എത്തിച്ചേർന്നിട്ടുണ്ട്.

- മാനേജ്മെന്റ് കോട്ട സീറ്റുകളിൽ താരതമ്യേന മാർക്ക് കുറഞ്ഞ കുട്ടികളാണ് ചേരുന്നത്.
- ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ 50 ശതമാനം മാർക്കാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇപ്പോഴത്തെ നിലവാരം അനുസരിച്ച് 50 ശതമാനം മാർക്ക് എന്നത് പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ഉതകുന്നില്ല.
- നഴ്സിംഗ് കോഴ്സുകൾക്ക് പൊതുവേ സ്കൂൾതലത്തിൽ മലയാളം ബോധനമാധ്യമമായതുകൊണ്ട് പെട്ടെന്നുള്ള മാധ്യമമാറ്റം ആദ്യവർഷ പരീക്ഷാഫലത്തിൽ പ്രതിഫലിക്കാറുണ്ട്.
- മികവുറ്റ അദ്ധ്യാപകരുടെ കുറവ് ഒരു പരിധിവരെ ഇതിന് കാരണമാണ്.

LIBRARY ARCHIVES Kerala Legislative Assembly

• അനാട്ടമി, ഫിസിയോളജി മുതലായ മെഡിക്കൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് മെഡിക്കൽ ബിരുദധാരികൾ ആണ്. കുട്ടികളുടെ നിലവാരമനുസരിച്ച് ക്ലാസ്സ് എടുക്കുന്നതിന് ഇത് തടസ്സമാകുന്നു.

എന്നാൽ രണ്ടാംവർഷം മുതൽ കുട്ടികൾ പഠന രീതിയുമായി പൊരുത്തപ്പെടുന്നതിനാൽ അവരുടെ റിസൾട്ട് മെച്ചപ്പെട്ടിട്ടുണ്ട്.

ആരോഗ്യ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ ഈ വിഷയം ചർച്ചചെയ്യുകയും അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുമുണ്ട്. അക്കാദമിക് സ്റ്റാഫ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് ഇൻസ്പെക്ഷൻ ഫലപ്രദമായ രീതിയിൽ നടത്തുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ പരിശോധിച്ച് അക്രഡിറ്റേഷൻ നൽകുന്നതിന് ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസിന്റെ പഠനം

24 (*654) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസ്(കിഡ്സ്) എപ്പോഴാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നു വെളിപ്പെടുത്തുമോ ;

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും ഇവയുടെ ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly